## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1014 03.12.2014-ൽ മറുപടിക്ക്

### കിഴക്കേകോട്ട, തമ്പാനൂർ ബസ് ടെർമിനലുകളുടെ ശോച്യാവസ്ഥ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ.എം. ഷാജി : | | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | ആയിരക്കണക്കിനു വിദേശികളും സ്വദേശികളുമായ വിനോദ സഞ്ചാരികളും മറ്റുള്ളവരും ദിനം പ്രതി വന്നു പോകുന്ന തലസ്ഥാനത്തെ കിഴക്കേകോട്ട, തമ്പാനൂർ ബസ് ടെർമിനലുകളുടെയും പരിസര പ്രദേശങ്ങളുടെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | തിരുവനന്തപുരം തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി വക സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി നിർമ്മിച്ച ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തന സജ്ജമായിട്ടുണ്ട്. ബസ് യാത്രക്കാർക്കുവേണ്ട സൗകര്യങ്ങളും, ഷോപ്പിംഗ് മാളും ഈ സമുച്ചയത്തിലുണ്ട്. 220-ൽ പരം കാറുകൾക്കും 500-ൽ അധികം ഇരുചക്രവാഹനങ്ങൾക്കുമുള്ള പാർക്കിംഗ് സൗകര്യവും ഈ ഷോപ്പിംഗ് മാളിലുണ്ട്.<br>കെ.എസ്.യു.ഡി.പി.യുടെ കീഴിൽ നടന്നുവരുന്ന ഓടയുടെ നിർമ്മാണവും യാർഡ് ലെവലിംഗും യാർഡ് പേവിംഗും പൂർത്തിയാകുമ്പോൾ തമ്പാനൂരിലെ യാത്രാ ക്ലേശത്തിനും പാർക്കിംഗ് പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരമാകും. ഇതിലൂടെ പരിസര ശുചിത്വവും സാദ്ധ്യമാകും. ടെർമിനലിലെ ഷോപ്പിംഗ് മാളിലെ കടകൾ പ്രവർത്തന സജ്ജമാകുന്നതോടെ ഇവിടം ഒരു നല്ല ഷോപ്പിംഗ് സെന്റർ ആവുകയും ചെയ്യും.<br>കിഴക്കേകോട്ടയിൽ കെ.എസ്.ആർ.ടി.സി ബസ്സുകൾക്കൊപ്പം സ്വകാര്യ ബസ്സുകളുടേയും സർവ്വീസ് കേന്ദ്രമാണ്. ആധുനിക രീതിയിലുള്ള ബസ് ടെർമിനൽ സജ്ജീകരിക്കുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക ശേഷി |
| (ബി) | വാഹനയാത്ര പോയിട്ട് സുരക്ഷിതമായ കാൽനട യാത്രപോലും അസാദ്ധ്യമായ തലസ്ഥാനം വിനോദ സഞ്ചാരികളിൽ ഉണ്ടാക്കുന്ന അറപ്പും വെറുപ്പും സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര വികസന മോഹങ്ങൾക്ക് തിരിച്ചടിയാവുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | | |
| (സി) | വർഷങ്ങളായി തുടരുന്ന ഈ കെടുകാര്യസ്ഥതക്ക് ഉത്തരവാദികൾ ആരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ഇല്ലാത്തതാണ്. ട്രീഡ രൂപകല്പന ചെയ്തിട്ടുള്ള കൊമേഴ്സ്യൽ കോംപ്ലക്സിന്റെയും ബസ് ടെർമിനലിന്റെയും നിർമ്മാണം നടപ്പിലാക്കുന്നതോടെ കിഴക്കേകോട്ടയിലെ ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.<br>ബസ് ഡിപ്പോയും പരിസരങ്ങളും വൃത്തിയായി പരിപാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | ഈ ദുസ്ഥിതിക്ക് അറുതി വരുത്താൻ വിനോദ സഞ്ചാര വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ എന്ന് നടപ്പിലാകുമെന്ന് വിശദമാക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചാൽ അവ പരിശോധിച്ച് ഉചിതമെങ്കിൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണെന്ന് ടൂറിസം വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ